## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*143** **12.07.2016 ൽ മറുപടിയ്ക്ക്**

## റബറിന്റെ വിലയിടിവ് മൂലം ഉള്ള പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. പി.വി. അൻവർ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) റബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുരുതര പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ട്. റബർ കൃഷി പ്രധാന വരുമാന മാർഗ്ഗമായ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പ്രത്യേകിച്ച് മലയോര മേഖലയിലെ സമ്പദ്ഘടനയെയും റബർ വിലയിടിവ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രസർക്കാരിന്റെ നയങ്ങളും വാണിജ്യക്കരാറുകളും റബർ വിലയെ ഏതുതരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) കേന്ദ്രസർക്കാരിന്റെ ഉദാരവൽക്കരിക്കപ്പെട്ട ഇറക്കുമതി നയങ്ങളും വാണിജ്യ കരാറുകളും റബറിന്റെയും റബർ ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി നിർബ്ബാധം നടത്തുന്നതിന് സ്വാതന്ത്ര്യം നൽകുന്നവയാണ്. ഇന്ത്യയുമായി സ്വതന്ത്ര വ്യാപാരകരാർ (FTA) ഉള്ളതിനാൽ റബർ ഉൽപ്പാദക രാജ്യങ്ങളായ ഇന്തോനേഷ്യാ, മലേഷ്യ, തായ് ലന്റ് എന്നിവ ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്നും റബറും, റബർ ഉൽപ്പന്നങ്ങളും കുറഞ്ഞ നിരക്കിൽ ഇറക്കുമതി ചെയ്യുന്നതിനു സാധിക്കുന്നുണ്ട്. ആഭ്യന്തര വിപണിയിലെ റബർ വിലയിടിവിന് ഇത് പ്രധാന കാരണമാണ്. |
| (സി) റബർ കർഷകർക്ക് ആശ്വാസം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടി ന്യായവില ഉറപ്പാക്കാനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടയർ ലോബിയുടെ സമ്മർദ്ധത്തിനു വഴങ്ങി കൂടുതൽ ഇറക്കുമതി അനുവദിക്കുന്ന നയമാണ് കേന്ദ്രസർക്കാർ തുടർന്നു വരുന്നത്. റബറൈസ്ഡ് ടാറിംഗ് |

ഉൾപ്പെടെ റബറിന്റെ ആഭ്യന്തര ഉപയോഗം
വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട്
ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**